(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അറ്റകുറ്റപ്പണികൾക്കായി അനുവദിച്ച തുക വാർഷികാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു :

2006-07	102.9 ലക്ഷം	
2007-08	156.07 "	
2008-09	175.75 "	(12 എഫ്.സി. അടക്കം)
2009-10	131.80 "	(12 എഫ്.സി. അടക്കം)
2010-11	60.70 "	
ആകെ	626.41 "	

(ഡി) ഒരു പാലത്തിന്റെ പണി പൂർത്തീകരിച്ചു (തൃശ്ശൂർ-പാലക്കാട് എന്നീ ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള മായന്നൂർ പാലം) തുക 2176 ലക്ഷം രൂപ.

ഒല്ലൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് നടത്തിയ പദ്ധതികൾ

204 (654) ശ്രീ. രാജാജി മാത്യു തോമസ് : താഴെ കാണുന്ന ചോദ്യത്തിന് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒല്ലൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്ത് നടത്തിയ പദ്ധതികളുടെ പേരും അടങ്കൽ തുകയും പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥയും വിശദമാക്കുമോ ?

ഉത്തരം

നിരത്തുകളും പാലങ്ങളും വിഭാഗവും കെട്ടിടവിഭാഗവും നടത്തിയ പ്രവൃത്തികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

കുന്ദമംഗലം നിയോജകമണ്ഡലത്തിൽ പൂർത്തീകരിച്ച പൊതുമരാമത്ത് പ്രവൃത്തികൾ

205 (655) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യത്തിന് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്ദമംഗലം നിയോജകമണ്ഡലത്തിൽ പൂർത്തീകരിച്ച പൊതുമരാമത്ത് പ്രവൃത്തികളുടെയും അതിനായി ചെലവഴിച്ച തുകയുടെയും പൂർണ്ണമായ ലിസ്റ്റ് ലഭ്യമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുന്ദമംഗലം നിയോജകമണ്ഡലത്തിൽ കെട്ടിട വിഭാഗത്തിന്റെകീഴിൽ കോഴിക്കോട് ഉപഭോക്തൃ തർക്ക

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പരിഹാര ഫോറത്തിനുവേണ്ടി കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു. (അടങ്കൽ തുക-30 ലക്ഷം രൂപ) ദേശീയപാതാവിഭാഗത്തിൽ കിമീ. 5/00 മുതൽ 15/00 വരെ റോഡ് അഭിവൃദ്ധിപ്പെടുത്തൽ (332.72 ലക്ഷം രൂപ) കിമീ. 15/00 മുതൽ 25/00 വരെ റോഡ് അഭിവൃദ്ധിപ്പെടുത്തൽ (522.71 ലക്ഷം രൂപ) എന്നീ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. നിരത്തുകളും പാലങ്ങളും വിഭാഗം സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ മരാമത്തുപണികൾ

206 (656) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പൊതുമരാമത്ത് വകുപ്പ് കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ റോഡുകൾ, പാലങ്ങൾ എന്നിവ നിർമ്മിക്കുവാനും അറ്റകുറ്റപ്പണികൾക്കുമായി എത്ര രൂപ ചെലവഴിച്ചു ;

(ബി) ഉള്ളൂർ കടവിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന പാലം നിർമ്മാണം ഏത് ഘട്ടത്തിലാണ് ; പാലം ടെണ്ടർ ചെയ്യുവാൻ സാങ്കേതിക തടസ്സങ്ങൾ ഉണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ചെലവഴിച്ച തുകയുടെ വിവരം താഴെക്കൊടുത്തിരിക്കുന്നു :

നിരത്തുകളും പാലങ്ങളും വിഭാഗം	569.83 ലക്ഷം
ദേശീയപാതാവിഭാഗം (അറ്റകുറ്റപ്പണികൾ കേന്ദ്ര ഫണ്ട്)	259.00 "
കെ.എസ്.ടി.പി. (കൊയിലാണ്ടി-താമരശ്ശേരി റോഡ് റീ-സർഫസിംഗ് പ്രവൃത്തി)	519.00 "
ആകെ	1347.83 ലക്ഷം

(ബി) ഉള്ളൂർ കടവിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന പാലത്തിനാവശ്യമായ സ്ഥലം അക്വയർ ചെയ്യുവാനുള്ള നടപടി പുരോഗമിക്കുന്നു. കൂടാതെ പാലത്തിന്റെ ഡിസൈൻ തയ്യാറാക്കിവരുന്നു. സ്ഥലം ലഭ്യമാകുകയും ഡിസൈൻ പൂർത്തിയാക്കുകയും ചെയ്യുന്ന മുറയ്ക്ക് മാത്രമേ പണി ടെണ്ടർ ചെയ്യുവാൻ സാധിക്കുകയുള്ളൂ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly